# കീടനാശിനി ഉപയോഗം നിയന്ത്രിക്കൂ സുരക്ഷിത ഭക്ഷണം ഉറപ്പാക്കൂ

കേരള കാർഷിക സർവ്വകലാശാല വിപണികളിൽ വിറ്റഴിക്കുന്ന പച്ചക്കറികളിൽ വിഷാംശം കണ്ടെത്തിയ സാഹചര്യത്തിൽ, പൊതുജനാരോഗ്യത്തിനും പൊതു ആവാസവ്യവസ്ഥയ്ക്കും പരിസ്ഥിതിക്കും ഹാനികരമായ കീടനാശിനികളുടെ അമിതോപയോഗം തടയാൻ കീടനാശിനി ഉപയോഗം നിയന്ത്രിക്കുക, സുരക്ഷിത ഭക്ഷണം ഉറപ്പ് വരുത്തുക എന്ന സന്ദേശം കർഷകരിലും പൊതുജനങ്ങളിലും എത്തിക്കാൻ, കൃഷിവകുപ്പ് ജനുവരി 21 മുതൽ 31 വരെ ബോധവൽക്കരണ കാമ്പയിൻ കീടനാശിനി ഡിപ്പോ കേന്ദ്രീകരിച്ചും പഞ്ചായത്ത്, ബ്ലോക്ക്, ജില്ലാതലത്തിലും നടത്തുന്നതാണ്.

കീടനാശിനി ഉപയോഗം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി കൃഷിവകുപ്പ് ലൈസൻസ് നൽകിയിട്ടുള്ള ഡിപ്പോകളിൽ വിൽക്കുന്ന കീടനാശിനികൾ ഏത് വിളയ്ക്ക്, ഏതു കീടത്തിന്, രോഗത്തിന്, കളകൾക്കെതിരെ ഏത് അളവിലാണ് ഉപയോഗിക്കേണ്ടതെന്നും കാത്തിരിപ്പ് കാലം എത്ര എന്നുമുള്ള വിവരണങ്ങൾ രേഖപ്പെടുത്തിയ ബോർഡ് ജനുവരി 31 ന് മുമ്പ് ഡിപ്പോകളിൽ പ്രദർശിപ്പിക്കാൻ നിഷ്കർഷിച്ചിട്ടുണ്ട്.

**കർഷകരുടെയും പൊതുജനങ്ങളുടെയും ശ്രദ്ധയ്ക്ക്**

- കൃഷി ഓഫീസർമാരുടെ ശുപാർശയോടെ അംഗീകൃത ഡിപ്പോകളിൽ നിന്നും കീടനാശിനി വാങ്ങാൻ കർഷകർ ശ്രദ്ധിക്കുക.
- ക്യാഷ് ബിൽ നിർബന്ധമായും ചോദിച്ച് വാങ്ങണം.
- അംഗീകൃത ഡിപ്പോകളിലൂടെയല്ലാതെ കമ്പനികളോ, വിതരണക്കാരോ, ഇടനിലക്കാരോ നേരിട്ട് കീടനാശിനികൾ വിൽക്കുന്നത് ശ്രദ്ധയിൽ പെട്ടാൽ കൃഷി ഓഫീസറെ ഉടനടി വിവരം അറിയിക്കുക.
- കാലാവധി കഴിഞ്ഞ കീടനാശിനികൾ വാങ്ങരുത്.
- കീടനാശിനി ബോട്ടിലുകൾ/ പാക്കറ്റുകളിലെ നിർദ്ദേശങ്ങളും ലഘുലേഖകളും വായിച്ച് ഉള്ളടക്കം മനസ്സിലാക്കുക. സംശയമുണ്ടെങ്കിൽ കൃഷി ഓഫീസറുടെയോ കൃഷി ഉദ്യോഗസ്ഥരുടെയോ സഹായം തേടുക.
- ലേബലിലോ ലഘുലേഖയിലോ പരാമർശിക്കാത്ത പ്രയോഗ രീതികൾ അനുവർത്തിക്കരുത്.
- വ്യാജ ഉത്പന്നങ്ങൾ വാങ്ങുന്നില്ലെന്ന് ഉറപ്പവരുത്തുക.
- വ്യാജ ഉല്പന്നങ്ങൾ നിങ്ങളുടെ അറിവിൽ വിറ്റഴിക്കുന്നുണ്ടെന്ന ശ്രദ്ധയിൽ പെട്ടാൽ കൃഷിഭവനിലും പോലീസ് സ്റ്റേഷനിലും വിവരം അറിയിക്കുക.
- ഗുണമേന്മയുള്ള, വിശ്വാസതയുള്ള ഉത്പന്നങ്ങൾ, ലേബൽ/ ലഘുലേഖയിലെ നിർദ്ദേശ പ്രകാരം ഉപയോഗിക്കുന്നത് പ്രോത്സാഹിപ്പിക്കാൻ അധികാരികളോട് സഹകരിക്കുക.
- ഉപയോഗ ശേഷം ബാക്കി വന്ന കീടനാശിനി ഉത്പന്നങ്ങൾ സൂക്ഷിച്ച് വയ്ക്കാനും ഉപയോഗം കഴിഞ്ഞവ സുരക്ഷിതമായി ഉപേക്ഷിക്കാനും ശ്രദ്ധിക്കുക.

കൃഷി ഡയറക്ടർക്ക് വേണ്ടി

# അനധികൃത കീടനാശിനികൾക്ക് ജാഗ്രത

കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ കീടനാശിനികളുടെ സുരക്ഷിതവും നിയമാനുസൃതവുമായ ഉപയോഗത്തിലൂടെ, സുരക്ഷിത ഭക്ഷ്യോത്പാദനം ലക്ഷ്യമിടുന്ന പ്രവർത്തനങ്ങൾ നടന്നുവരികയാണ്. ഇതിന്റെ ഭാഗമായി സെൻട്രൽ ഇൻസെക്ടിസൈഡ് ബോർഡ് & രജിസ്ട്രേഷൻ കമ്മിറ്റി, ശുപാർശ ചെയ്ത ലേബൽ ക്ലെയിമുള്ള രജിസ്റ്റേർഡ് കീടനാശിനികൾ മാത്രം സ്റ്റോക്ക് ചെയ്യാനും വിതരണവും വിൽപനയും നടത്താനും നിഷ്കർഷിക്കുന്നു.

രജിസ്റ്റർ ചെയ്യാത്തതും ഗുണനിലവാരമില്ലാത്തതുമായ കീടനാശിനികൾ വിറ്റഴിക്കുന്നത് ഇൻസെക്ടിസൈഡ് ആക്ട് 1968 പ്രകാരം ശിക്ഷാർഹമാണ്. ലൈസൻസ് ലഭിച്ച കീടനാശിനി ഡീലർമാർ ശരിയായ രീതിയിൽ കീടനാശിനി ഉപയോഗം സാധ്യമാക്കുവാനും അമിത ഉപയോഗം നിയന്ത്രിക്കുന്നത് സംബന്ധിച്ചും കർഷകരെ ബോധവൽക്കരിക്കുന്നതിന് സാധിക്കും. പരിസ്ഥിതിക്കും മനുഷ്യനും സുരക്ഷയേകുന്ന രീതിയിൽ സുരക്ഷിത ഭക്ഷ്യോത്പാദന ക്യാമ്പയിനിൽ പങ്കാളിയാകാൻ എല്ലാ സസ്യസംരക്ഷണ ഉത്പന്നങ്ങൾ വിൽക്കുന്ന ഡീലർമാരോടും റീട്ടെയിലർമാരോടും അഭ്യർത്ഥിക്കുന്നു.

### കീടനാശിനി ഡീലർമാർ/ റീട്ടെയിലർമാരുടെ ശ്രദ്ധയ്ക്ക്

1. ഇന്ത്യൻ കീടനാശിനി ആക്ട് 1968, നിയമം 1971 പ്രകാരം രജിസ്ട്രേഷനും ലൈസൻസ് ലഭിച്ച ഉത്പന്നങ്ങൾ മാത്രം സ്റ്റോക്ക്/ വിതരണം/ പ്രദർശനം/ വിൽപ്പന നടത്തുക.
2. കീടനാശിനി വിൽപ്പന/ സ്റ്റോക്ക്/ പ്രദർശനം എന്നിവയ്ക്ക് ലൈസൻസ് നിർബന്ധമാണ്.
3. കീടനാശിനി വിൽക്കുമ്പോൾ ബില്ലിൽ ബാച്ച് നം., ഉത്പാദിപ്പിച്ച തീയതി, കാലാവധി കഴിയുന്ന തീയതി എന്നിവ വ്യക്തമാക്കുക
4. നിയമാനുസൃതമായി പ്രവർത്തിക്കുന്നവരിൽ നിന്നും മാത്രം ബിൽ/ഇൻവോയ്സ് ഉൾപ്പെടെ കീടനാശിനികൾ വാങ്ങാൻ ഡീലർമാർ/ റീട്ടെയിലർമാർ ശ്രദ്ധിക്കുക
5. കാലാവധി കഴിഞ്ഞ കീടനാശിനികൾ വിൽക്കുന്നവരുടെ പേരിൽ കർശന നടപടി സ്വീകരിക്കുന്നതാണ്.
6. കീടനാശിനി ബോട്ടിലുകൾ/ പാക്കറ്റുകൾക്ക് ഒപ്പമുള്ള ലഘുലേഖകൾ നൽകണമെന്നും അതു വായിക്കാൻ കർഷകർക്ക് മാർഗ്ഗനിർദ്ദേശം നൽകുക. ഇതിലെ ഉള്ളടക്കം മനസ്സിലാക്കാൻ കർഷകരെ സഹായിക്കുക. തെറ്റിദ്ധാരണ ജനകമായ വസ്തുതകൾ പ്രചരിപ്പിക്കാതിരിക്കുക.
7. ലേബലിലോ ലഘുലേഖയിലോ പരാമർശിക്കാത്ത പ്രയോഗ രീതികൾ ശുപാർശ ചെയ്യരുത്. കീടനാശിനി കൃഷി ഓഫീസറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ മാത്രം വിതരണം നടത്തുക.
8. വ്യാജ ഉത്പന്നങ്ങൾ സ്റ്റോക്ക്/ വിതരണം/ വിൽപ്പന/ പ്രദർശനം ചെയ്യുന്നതിൽ നിന്നും പിന്മാറുക.

9. വ്യാജ ഉല്പന്നങ്ങൾ നിങ്ങളുടെ അറിവിൽ വിറ്റഴിക്കുന്നുണ്ടെന്ന ശ്രദ്ധയിൽ പെട്ടാൽ കൃഷിഭവനിലും പോലീസ് സ്റ്റേഷനിലും വിവരം അറിയിക്കുക.
10. ഗുണമേന്മയുള്ള, വിശ്വാസതയുള്ള ഉത്പന്നങ്ങൾ, ലേബൽ / ലഘുലേഖയിലെ നിർദ്ദേശ പ്രകാരം ഉപയോഗിക്കുന്നത് പ്രോത്സാഹിപ്പിക്കാൻ അധികാരികളോട് സഹകരിക്കുക.
11. ഉപയോഗ ശേഷം ബാക്കി വന്ന കീടനാശിനി ഉത്പന്നങ്ങൾ സൂക്ഷിച്ച് വയ്ക്കാനും ഉപയോഗം കഴിഞ്ഞവ സുരക്ഷിതമായി ഉപേക്ഷിക്കാനും കർഷകർക്ക് മാർഗ്ഗ നിർദ്ദേശം നൽകുക.
12. 1968 ലെ ഇൻസെക്ടിസൈഡ് ആക്ട്, 1971 ലെ ഇൻസെക്ടിസൈഡ് റൂൾസ്, രജിസ്ട്രേഷൻ കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ കീടനാശിനി വിൽപന നടത്തുക.

പൊതുജനാരോഗ്യത്തിനും പൊതു ആവാസവ്യവസ്ഥയ്ക്കും പരിസ്ഥിതിക്കും ഹാനികരമായ കീടനാശിനികളുടെ അമിതോപയോഗം തടയുന്നതിനു വേണ്ടി, **"കീടനാശിനി ഉപയോഗം നിയന്ത്രിക്കൂ, സുരക്ഷിത ഭക്ഷണം ഉറപ്പു വരുത്തൂ"**. എന്ന സന്ദേശം കർഷകരിലും പൊതുജനങ്ങളിലും എത്തിക്കുന്നതിനായി 2019 ജനുവരി 21 മുതൽ 31 വരെ നടത്തുന്ന ക്യാമ്പയിൻ വിജയപ്രദമാക്കാൻ അഭ്യർത്ഥിക്കുന്നു.

കൃഷി ഡയറക്ടർ

DIRECTOR
AGRICULTURE DEVELOPMENT
AND FARMER'S WELFARE DEPT.
THIRUVANANTHAPURAM, KERALA

എല്ലാ കീടനാശിനി ഡീലർ/ റീട്ടെയിലർമാർക്കും